## അധ്യായം 111
## അൽ മസദ്
അവതരണം മക്കയിൽ, വചനം 5

### അധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദ്(സ) ദൈവകല്പന പ്രകാരം തൻെറ പ്രബോധനപ്രചാരണം മക്കയിൽ ആരംഭിച്ചു ഏതാനും കാലത്തിനകം അവതീർണമായ ഒരു അധ്യായമാണ് അൽമസദ്. ഈത്തപ്പന നാര് എന്നാണ് അതിൻെറ അർഥം.

അദ്ദേഹം തൻെറ ദൗത്യം ആരംഭിച്ചത് മക്കയിലെ പ്രമുഖരെയും പാരമ്പര്യവിശ്വാസത്തിൽ ശഠിച്ചുനില്ക്കുന്നവരെയും ബഹുദൈവാരാധാകരെയും ഏറെ ചൊടിപ്പിക്കുകയുണ്ടായി. അദ്ദേഹം തൻെറ ദൗത്യത്തിൽനിന്ന് പിന്മാറുകയോ അത് ഒഴിവാക്കുകയോ ചെയ്യുന്നതിനായി അവർ അദ്ദേഹത്തിൽ സമ്മർദ്ദം ചെലുത്തി. പലതരത്തിലും ആക്രമണം നടത്തി. അദ്ദേഹത്തിൽ വിശ്വസിച്ചവരെ കിരാത പീഡനങ്ങൾക്ക് വിധേയരാക്കി.

പ്രവാചകനെതിരെ അണിനിരന്നവർക്ക് നേതൃത്വം നല്കുകയും അദ്ദേഹത്തെ പല വിധത്തിലും ഉപദ്രവിക്കുകയും ചെയ്തവരിൽ പ്രമുഖനാണ് അബൂലഹബും അയാളുടെ ഭാര്യ ഉമ്മുജമീലും. അബ്ദുൽ ഉസ്സ എന്നാണ് അയാളുടെ പേര്. മുഖത്തുണ്ടായിരുന്ന ശോഭയാണ് അബൂലഹബ് എന്ന നാമത്തിനാധാരം.

പ്രവാചകൻെറ പിതൃവ്യനാണിയാൾ. ഖുർആൻ പേരെടുത്തു വിമർശിച്ച ഒരേയൊരു പ്രവാചകവിരുദ്ധനും ഇയാൾ തന്നെ. ഇയാൾ നബിക്ക് വരുത്തിവെച്ച ഉപദ്രവങ്ങൾ നിരവധിയാണ്.

പ്രവാചകൻ തൻെറ ദൗത്യം ഒരു ഘട്ടത്തിൽ വളരെ രഹസ്യമായാണ് ചെയ്തിരുന്നത്. ശത്രുഭയം തന്നെയായിരുന്നു അതിന് കാരണം. ഏകദേശം 3 വർഷത്തോളം ഈ ഘട്ടം നീണ്ടുനിന്നു. പിന്നീടാണ് പരസ്യമായ പ്രബോധനം ആരംഭിച്ചത്.

മക്കയിൽ കഅ്ബക്കടുത്തായി സഫാ എന്ന പേരിൽ ചെറിയ ഒരു കുന്ന് സ്ഥിതി ചെയ്യുന്നുണ്ട്. ഒരു പ്രഭാതത്തിൽ പ്രവാചകൻ അതിനു മുകളിൽ കയറിനിന്ന് “യാ സബാഹാ” എന്നു വിളിച്ചുപറഞ്ഞു. അത് അക്കാലത്ത് അറബികളുടെ ഒരു രീതിയായിരുന്നു. പ്രാധാന്യമുള്ള ഒരു സന്ദേശം ആളുകളെ അറിയിക്കാനുണ്ടെങ്കിൽ ഉയർന്ന സ്ഥലത്ത് കയറിനിന്ന് വിളിച്ചുപറയുകയായിരുന്നു അവർ ചെയ്തിരുന്നത്.

ശബ്ദം കേട്ട് എല്ലാവരും സഫാകുന്നിൽ ചരിവിലേക്കോടി. എല്ലാവരും എത്തുകൂടിയെന്ന് ബോധ്യമായപ്പോൾ പ്രവാചകൻ അവരോട് ഇങ്ങനെ തിരക്കി: ഈ കുന്നിനു മറുവശത്ത് ഒരു കുതിരസൈന്യം നിങ്ങളെ ആക്രമിക്കാൻ വന്നിട്ടുണ്ടെന്ന് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കുമോ?”

“അതെ.” അവർ ഒന്നടങ്കം പറഞ്ഞു. “നീ സത്യസന്ധനാണ്. നീ ഇതുവരെ കള്ളം പറഞ്ഞതായി ഞങ്ങൾ ആരും കേട്ടിട്ടില്ല. പിന്നെ എന്തുകൊണ്ട് വിശ്വസിക്കാതിരിക്കണം?”

ജനത്തിന് തന്നിലുള്ള വിശ്വാസ്യത ഉറപ്പ് വരുത്തിയ പ്രവാചകൻ വിഷയത്തിലേക്ക് തിരിഞ്ഞു. അദ്ദേഹം അവരോട് പറഞ്ഞു: എങ്കിൽ നിങ്ങൾക്ക് വരാനിരിക്കുന്ന ഭയാനകമായ ഒരു ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് തരുന്നു. അതിനു മുമ്പ് നിങ്ങൾ എൻെറ ദൗത്യത്തിൽ വിശ്വസിക്കുക. ഞാൻ ദൈവത്തിൽനിന്ന് നിങ്ങളിലേക്ക് ആഗതനായ ദൈവദൂതനാകുന്നു.”

“ഛെ. നാശം. നീ ഇതിനാണോ ഈ പ്രഭാതത്തിൽ ഞങ്ങളെ ഇവിടെക്ക് വിളിച്ചുവരുത്തിയത്? നീ നശിച്ചുപോകട്ടെ.”

സഹോദരപുത്രനായ ദൈവദൂതൻെറ മുഖത്തേക്ക് ക്രുദ്ധനായി നോക്കിയ ശേഷം അബൂലഹബ് തിരിഞ്ഞുനടന്നു. പിന്നാലെ മറ്റുള്ളവരും.

പ്രവാചകൻെറയും അബൂലഹബിൻെറയും വീടുകൾ അടുത്തടുത്താണ് സ്ഥിതി ചെയ്തിരുന്നത്. ഒരു ചുവരിൻെറ വ്യത്യാസം മാത്രമാണ് അതിനിടയിൽ ഉണ്ടായിരുന്നത്. ദൈവദൂതരെ ഉപദ്രവിക്കാൻ അയാൾ ആ സൗകര്യം നന്നായി ഉപയോഗപ്പെടുത്തുകയുണ്ടായി. പ്രവാചകൻ നമസ്കരിക്കുമ്പോൾ കഴുത്തിൽ ഒട്ടകത്തിൻെറ കുടൽമാല ചാർത്തുകയും ഭക്ഷണം പാകം ചെയ്യുമ്പോൾ അതിലേക്ക് മാലിന്യം എറിയുകയും നാട്ടുകാരോടും വിദൂരദിക്കുകളിൽ നിന്ന് ഹജ്ജിനും വാണിജ്യങ്ങൾക്കുമായി മക്കയിൽ വരുന്നവരോടും നബിയെപ്പറ്റി ഇല്ലാത്തത് പറയുകയും അദ്ദേഹത്തിൽനിന്ന് ആളുകളെ തടയുകയും ചെയ്യുമായിരുന്നു. തക്കം കിട്ടുമ്പോൾ ദേഹോപദ്രവത്തിനും അയാൾ മുതിർന്നു. ഒരിക്കൽ അയാൾ പ്രവാചകൻെറ മുഖത്ത് തുപ്പുക പോലും ചെയ്യുകയുണ്ടായി.

ഏതെങ്കിലും കച്ചവടസംഘം മക്കയിൽ വന്നാൽ പ്രവവാചകൻ അവരെ സമീപിച്ച് തൻെറ ദൗത്യത്തെ സംബന്ധിച്ച് ഉണർത്തിക്കൊണ്ട് പറയും: “ഞാൻ നിങ്ങളിലേക്ക് ആഗത

നായ ദൈവദൂതനാകുന്നു. നിങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. അവനിൽ മറ്റാരെയും പങ്ക് ചേർക്കരുത്..... അദ്ദേഹം തൻെറ സംസാരം നിർത്തി പിന്തിരിഞ്ഞാൽ ഉടനെ അബൂലഹബ് അവിടെയെത്തി ആളുകളോട് പറയും: "ഇവൻ നിങ്ങളിൽനിന്ന് നമ്മുടെ ദൈവങ്ങളായ ലാത്തയെയും ഉസ്സയെയും നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇവൻ നിങ്ങളെ വഴിപിഴപ്പിക്കും. നിങ്ങൾ ഇവൻ പറയുന്നതൊന്നും വിശ്വസിക്കരുത്. പിൻപറ്റുകയും അരുത്."

അയാളുടെ ഭാര്യ ഉമ്മുജമീലാകട്ടെ പ്രവാചകനെ ഉപദ്രവിക്കുന്നതിനായി അദ്ദേഹത്തിൻെറ വീട്ടുവാതിൽക്കൽ മുള്ള് വിതറുക പതിവാക്കിയിരുന്നു. അദ്ദേഹത്തെക്കുറിച്ച് അപവാദം പറഞ്ഞുപരത്തലും അവളുടെ ശീലമായിരുന്നു. അതിന് യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. പ്രവാചകനെ എതിർക്കാൻ സ്വന്തം മാല വിൽക്കാൻ പോലും അവൾ ധാർഷ്ട്യം കാണിക്കുകയുണ്ടായി.

പ്രവാചകൻെറ രണ്ട് പുത്രിമാരെ അബൂലഹബിൻെറ രണ്ട് പുത്രന്മാരായിരുന്നു വിവാഹം കഴിച്ചിരുന്നത്. ഒരിക്കൽ അയാൾ പുത്രന്മാരെ വിളിച്ചുവരുത്തി ഇങ്ങനെ പറഞ്ഞു: നിങ്ങൾ ഇരുവരും മുഹമ്മദിൻെറ പെൺകുട്ടികളുമായുള്ള ബന്ധം വേർപ്പെടുത്തുക. ഇല്ലെങ്കിൽ നിങ്ങളെ കാണുന്നത് ഞാൻ എനിക്ക് നിഷിദ്ധമായി കണക്കാക്കും." അതുകേട്ട രണ്ട് പേരും തങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്യുകയുണ്ടായി.

പ്രവാചകന് രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. ഒന്നാമത്തെ മകൻ ഇബ്റാഹീം നേരത്തെ മരണമടഞ്ഞു. രണ്ടാമത്തെ മകൻ അബ്ദുല്ലയും മരണമടഞ്ഞപ്പോൾ ഏറെ സന്തോഷിച്ചത് അബൂലഹബായിരുന്നു. മുഹമ്മദ് ഇതോടെ വാലറ്റവനായിരിക്കുന്നുവെന്ന് അയാൾ സന്തോഷത്തോടെ പറഞ്ഞുനടന്നു.

പ്രവാചകൻ തൻെറ ദൗത്യവുമായി മുന്നോട്ട് നീങ്ങി. അതിൽ കുപിതരായ മക്കാപ്രമാണിമാർ അദ്ദേഹത്തിനെതിരെ ഊരുവിലക്ക് ഏർപ്പെടുത്തുകയുണ്ടായി. പ്രവാചകൻെറ ജീവിതത്തിലെ അതിപ്രധാന സംഭവമായിരുന്നു അത്. അബൂലഹബാണ് അതിന് മുൻകൈ എടുത്തിരുന്നത്.

ഇങ്ങനെ പ്രവാചകനും അദ്ദേഹത്തിൻെറ ദൗത്യത്തിനുമെതിരെ ശക്തമായ ഉപദ്രവം അഴിച്ചുവിട്ട അബൂലഹബിനെ പരാമർശിച്ചുകൊണ്ടാണ് ഈ സൂക്തം അവതരിച്ചത്. അഞ്ച് വചനങ്ങളുള്ള ഈ അധ്യായത്തിൽ അബൂലഹബിൻെറ ഭാവിയും പരിണതിയും വിവരിക്കുന്നുണ്ട്.

## അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | |
|---|---|
| തബ്ബത് | تَبَّتْ |
| നശിച്ചു. | |
| യദാ | يَدَا |
| ഇരുകൈകളും | |
| അബീലഹബിൻ | أَبِي لَهَبٍ |
| അബൂലഹബിൻെറ | |
| വതബ്ബ് | وَتَبَّ |
| അവൻ നശിച്ചിരിക്കുന്നു | |
| മാ അഗ്നാ | مَا أَغْنَى |
| ഉപകരിച്ചില്ല | |
| അൻഹു | عَنْهُ |
| അവന് | |

| | | |
|---|---|---|
| മാലുഹു | | مَالُهُ |
| | അവൻെറ ധനം | |
| വമാ കസബ് | | وَمَا كَسَبَ |
| | അവൻ സമ്പാദിച്ചതും | |
| സയസ്ലാ | | سَيَصْلَى |
| | അവൻ കടന്നെരിയും | |
| നാറൻ | | نَارًا |
| | നരകത്തിൽ | |
| ദാത | | ذَاتَ |
| | ഉള്ള | |
| ലഹബിൻ | | لَهَبٍ |
| | ജ്വാലകൾ | |
| വംറഅതുഹു | | وَامْرَأَتُهُ |
| | അവൻെറ ഭാര്യയും | |
| ഹമ്മാലതൽ | | حَمَّالَةَ |
| | ചുമട്ടുകാരിയായ | |
| ഹത്വബ് | | الْحَطَبِ |
| | വിറക് | |
| ഫീ ജീദിഹാ | | فِي جِيدِهَا |
| | അവളുടെ കഴുത്തിലുണ്ട് | |
| ഹബ്‌ലുൻ | | حَبْلٌ |
| | കയർ | |
| മിൻ മസദ് | | مِّن مَّسَدٍ |
| | ഈത്തപ്പന നാര് കൊണ്ടുള്ള | |

## വിശകലനം:

تَبَّتْ يَدَا أَبِي لَهَبٍ തബ്ബത് യദാ അബീലഹബിൻ

അബൂലഹബിൻെറ ഇരുകരങ്ങളും നശിച്ചിരിക്കുന്നു.

ഒരു കാര്യം സംഭവിച്ചു കഴിഞ്ഞു എന്ന ശൈലിയിലാണ് തബ്ബത് എന്ന വാക്ക് ഖുർആൻ പ്രയോഗിച്ചത്. നശിച്ചു എന്ന് തീർത്തുപറയുന്ന ശൈലിയാണത്. അതായത്, ഭാവിയിൽ അവൻെറ ഗതി ഈ പറഞ്ഞതിൽനിന്നും ഒട്ടും വ്യത്യസ്തമായിരിക്കുകയില്ല എന്ന പ്രഖ്യാപനം അതുൾക്കൊള്ളുന്നുണ്ട്.

അബൂലഹബിൻെറ ഇരുകരങ്ങളും എന്നതുകൊണ്ട് അവന് ശാരീരികമായി ഏല്ക്കേണ്ടിവരുന്ന നഷ്ടത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്. അവന് നേരിടാനിരിക്കുന്ന തീരാനഷ്ടവും ദുർഗതിയുമാണത്. ദിവ്യസന്ദേശത്തിനും ദൈവദൂതനുമെതിരെ അഹങ്കരിക്കാൻ അവനെ പ്രാപ്തനാക്കിയത് എന്തെല്ലാം സംഗതികളാണോ അവ ഇല്ലാതാവുകയും പ്രവാചകനെ എതിർക്കാൻ അയാൾ ഉപയോഗിച്ചിരുന്ന ആളും സമ്പത്തും നശിച്ചൊടുങ്ങുകയും ചെയ്യുക യാവാം അതിൻെറ സാരം. --കൂടുതൽ അറിയുന്നവൻ അല്ലാഹുവാകുന്നു.

വാസ്തവത്തിൽ സംഭവിച്ചതും അതുതന്നെയായിരുന്നു. ദൈവികസരണിയെയും അതിൻെറ പ്രവാചകനെയും ഏകദൈവവിശ്വാസികളെയും നശിപ്പിക്കാൻ അബൂലഹബും കൂട്ടരും നടത്തിയ പ്രഥമ യുദ്ധത്തിൽ അബൂലഹബിൻെറ സൈന്യം മുസ്ലിംസേനയോട് ഏറ്റുമുട്ടി തോൽക്കുകയും അയാളുടെ പല ഉറ്റമിത്രങ്ങളും അതിൽ വധിക്കപ്പെടുകയും ചെയ്യുക യുണ്ടായി. പ്രവാചകനെ നശിപ്പിക്കാനുള്ള അയാളുടെ ശക്തിയാണ് അതോടെഇല്ലാതായത്.

---

وَتَبَّ വതബ്ബ

അവൻ നശിച്ചിരിക്കുന്നു.

---

അഥവാ അവൻെറ നാശവും നഷ്ടവും സംഭവിച്ചുകഴിഞ്ഞു. ബദ്ർയുദ്ധത്തിൽ തൻെറ സഖാക്കൾ തോറ്റതറിഞ്ഞ അബൂലഹബ് അപമാനിതനായി. മോഹഭംഗത്തിലകപ്പെട്ട അയാൾ അധികം താമസിയാതെ മരണമടയുകയാണുണ്ടായത്.

അതിദാരുണമായിരുന്നു അയാളുടെ മരണം. ശരീരമാസകലം വൃത്തികെട്ട വ്രണങ്ങൾ നിറഞ്ഞു പഴുത്തുനാറി. ഭാര്യയും മക്കളും നാട്ടുകാരും ഒരുപോലെ അയാളുടെ അടുത്തേക്ക് ചെല്ലാൻ മടിച്ചു. ആ അവസ്ഥയിൽ മരണമടഞ്ഞ അയാളുടെ ശവം ആരും തിരിഞ്ഞുനോക്കാനില്ലാതെ കിടന്നു പുഴുത്തുനാറി. ഒടുവിൽ ഏതോ അടിമകളെ വിളിച്ചുവരുത്തി അതിനു മീതെ മണ്ണിട്ടു മൂടുകയാണ് ചെയ്തത്.

രണ്ട് കാര്യം ഇവിടെ വ്യക്തമാണ്. ഒന്ന്, അയാൾ ഏകദൈവ സിദ്ധാന്തത്തെ നശിപ്പിക്കാൻ ഉപയോഗിച്ചിരുന്ന അയാളുടെ ആളുകൾ അടക്കമുള്ള ശക്തി നഷ്ടമായി. രണ്ട്, അയാളുടെ പ്രതാപത്തിൻെറ അടയാളവും പ്രവാചകനെ എതിർക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്ന അയാളുടെ മക്കൾ പ്രവാചകൻെറ ഉത്തമ അനുയായികളായി മാറി.

---

مَا أَغْنَىٰ عَنْهُ മാ അഗ്നാ അൻഹു

അയാൾക്ക് ഉപകരിച്ചില്ല

---

അയാളുടെ മരണസമയത്തോ അനന്തരക്രിയകൾക്കോ അയാളുടെ സമ്പത്ത് അയാൾക്ക് ഒരു വിധത്തിലും ഉപകരിച്ചില്ല. അയാളെ പിടികൂടിയ രോഗം ഭേദമാക്കുന്നതിലും പരിചരിക്കുന്നതിലും ആ ധനം പ്രയോജനപ്പെട്ടില്ല.

---

مَالُهُ وَمَا كَسَبَ മാലുഹു വമാ കസബ്

അവൻെറ ധനവും അവൻ സമ്പാദിച്ചതും

---

ഖുറൈശികളിൽ എണ്ണപ്പെട്ട പണക്കാരനായിരുന്നു അബൂലഹബ്. ആ അഹന്തയിലായിരുന്നു അയാൾ പ്രവാചകനെ എതിർത്തത്. ഒരിക്കൽ പ്രവാചകൻെറ ക്ഷണം കേട്ട് അയാൾ കൂടെയുണ്ടായിരുന്നവരോട് പറഞ്ഞു: എൻെറ സഹോദരപുത്രൻ പറയുന്നത് സത്യമാണെങ്കിൽ ഞാൻ ദൈവികശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ എൻെറ ധനവും സന്താനങ്ങളെയും പ്രായശ്ചിത്തമായി നല്കും." ഈ ഘട്ടത്തിലാണ് അയാൾക്ക് അയാളുടെ ധനവും സമ്പാദ്യങ്ങളും ഉപകരിച്ചില്ല എന്ന വചനം അവതരിച്ചത്.

കസബ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അയാളുടെ സന്താനങ്ങളെയാണ്. പ്രവാചകനോടുള്ള പക തീർക്കാൻ അയാൾ തൻെറ മക്കളെ പരമാവധി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ അയാളുടെ രോഗാതുരമായ അവസ്ഥയിൽ ഒന്ന് തിരിഞ്ഞുനോക്കാൻ പോലും മക്കൾ സന്നദ്ധരായില്ല. ആരും തിരിഞ്ഞുനോക്കാനില്ലാത്ത അവസ്ഥയിൽ അയാളെ ഉപേക്ഷിക്കുകയാണ് അവർ ചെയ്തത്. താൻ ഏതൊരു ആദർശത്തെയും അതിൻെറ പ്രവാചകനെയുമാണോ എതിർത്തിരുന്നത് അതേ ആദർശത്തിൻെറയും പ്രവാചകൻെറയും സത്യസന്ധരായ അനുയായികളായി ആ സന്താനങ്ങൾ മാറി എന്നതാണ് വൈപരീത്യം.

سَيَصْلَىٰ نَارًا ذَاتَ لَهَبٍ സയസ്ലാ നാറൻ ദാത ലഹബിൻ

ജ്വാലകളുള്ള നരകാഗ്നിയിൽ അവൻ കടന്ന് എരിയുന്നതാണ്.

ഇത് അയാളുടെ പാരത്രികപരിണതിയെ സംബന്ധിച്ച പ്രഖ്യാപനമാണ്. ജീവിതകാലം മുഴുവൻ ദൈവത്തിന് വിരോധമായതിനാൽ കത്തിയെരിയുന്ന നരകത്തിൽ അവനെ എറിയപ്പെടുന്നതാണ്.

وَامْرَأَتُهُ حَمَّالَةَ الْحَطَبِ വംറഅതുഹു ഹമ്മാലത്വൽ ഹത്വബ്

വിറക് ചുമട്ടുകാരിയായ അവൻെറ ഭാര്യയും

ഖുറൈശിവനിതകളിൽ നേതൃത്വസ്ഥാനവും ഉയർന്ന പദവിയുമുള്ള സ്ത്രീയായിരുന്നു അയാളുടെ ഭാര്യ ഉമ്മുജമീൽ. ഈ സ്ഥാനമാനങ്ങളും പദവിയും പണവുമൊക്കെ പ്രവാചകനെ എതിർക്കുവാനും പരദൂഷണം പറയാനുമാണ് അവൾ ഉപയോഗിച്ചിരുന്നത്. അക്കാര്യത്തിൽ അവൾ മറ്റുള്ളവരെ സഹായിക്കുകയും ചെയ്തിരുന്നു.

വിറക് ചുമട്ടുകാരിയായ എന്ന പ്രയോഗത്തിന് വ്യത്യസ്ത അർഥങ്ങളാണ് പണ്ഡിതന്മാർ നല്കിയിട്ടുള്ളത്. അവൾ രാത്രികാലങ്ങളിൽ മുള്ള് ഏറ്റിക്കൊണ്ടുവരികയും പ്രവാചകൻ നടക്കുന്ന വഴികളിലും വീട്ടുപരിസരങ്ങളിലും അവ വിതറുകയും ചെയ്യുമായിരുന്നു. അതിനാലാണ് അങ്ങനെ പറഞ്ഞതെന്ന് ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ അറബിശൈലിയനുസരിച്ച് ആളുകളെ തമ്മിൽ അകറ്റുവാനും അടിപിടി കൂട്ടുവാനും ഏഷണിയുമായി നടക്കുന്നവരെ വിറക് ചുമക്കുന്നവൻ എന്ന് പ്രയോഗിക്കാറുണ്ട്. അവളാകട്ടെ, പ്രവാചകനെക്കുറിച്ച് അപവാദം പറഞ്ഞു നടക്കൽ ഒരു ജോലിയായി സ്വീകരിച്ചിരുന്നു. അതിനാലാണ് അവളെക്കുറിച്ച് അങ്ങനെ പ്രയോഗിച്ചത് എന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. അതേയവസരം ഏഷണിയുടെ തിക്തഫലവുമായി ബന്ധപ്പെട്ട ആലങ്കാരികപ്രയോഗമാണ് ഇവിടെ ഉപയോഗിച്ചതെന്ന് പറഞ്ഞവരും ഉണ്ട്. വിറക് ചുമക്കുകയെന്നത് സ്വന്തം നരകശിക്ഷ സ്വയം തയാറാക്കുക എന്ന അർഥത്തിലാണ് ഉപയോഗിച്ചിട്ടുണ്ടാവുക. --അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. ഈ അധ്യായം അവതരിച്ച ഘട്ടത്തിൽ അവൾ കൈനിറയെ കല്ലുകളുമായി പ്രവാചകനോട് പ്രതികാരം വീട്ടാൻ പോലും മുതിരുകയുണ്ടായി.

فِي جِيدِهَا حَبْلٌ مِّن مَّسَدٍ ഫീ ജീദിഹാ ഹബ്ലുൻ മിൻ മസദ്

അവളുടെ കഴുത്തിൽ ഈത്തപ്പനനാര് കൊണ്ടുള്ള ഒരു കയറുണ്ട്

ആഭരണഭ്രമിയായ ഒരു സ്ത്രീയായിരുന്നു അവൾ. വിലപിടിപ്പുള്ള ആഭരണങ്ങൾ അവൾ എപ്പോഴും അണിയാറുണ്ടായിരുന്നു. അതിൽ ഒരെണ്ണമാണ് പ്രവാചകനെ എതിർക്കുന്നതിന് അവൾ വില്ക്കാൻ മുതിർന്നത്. അതേ കഴുത്തിലാണ് നരകത്തിൻെറ കയർ അണിയാൻ പോകുന്നതെന്നർഥം.

ഈത്തപ്പനനാര് കൊണ്ടുള്ള ഒരു കയറിനും ലോഹക്കമ്പി ഉപയോഗിച്ചുള്ള കയറിനും മസദ് എന്ന് പറയാറുണ്ട്. ഏതായാലും അവളുടെ കഴുത്തിൽ നരകത്തിൽനിന്നുള്ള കയറിടുകയും അതുപയോഗിച്ച് അവളെ നരകത്തിൻെറ ഗർത്തത്തിലേക്ക് താഴ്ത്തുകയും പിന്നീട് അതുപയോഗിച്ച് ഉയർത്തുകയും ചെയ്തുകൊണ്ടിരിക്കും. --അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.